ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ മൊബൈൽ ഫോൺ കാൾചാർജ്ജ്, ഫോൺ വാടക എന്നീ ഇനങ്ങളിൽ ചെലവഴിച്ച തുകയുടെ വേർതിരിച്ച കണക്ക് ലഭ്യമല്ല. ടെലിഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ കാൾചാർജ്ജ്, ഫോൺവാടക ഉൾപ്പെടെ ഇതുവരെ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവരുടെ ഫോൺ, അതിഥി സൽക്കാരം എന്നീ ഇനങ്ങളിലുള്ള ചെലവുകൾ

3 (5) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവരുടെ ടെലിഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ ഇതുവരെ അതിഥി സൽക്കാരത്തിനു എത്ര തുക വീതം ചെലവാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവരുടെ ടെലിഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവർ ഇതുവരെ അതിഥി സൽക്കാരത്തിന് ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

മന്ത്രിമാരുടെ ടെലിഫോൺ കാൾചാർജ്ജ്, ഫോൺ വാടക

4 (7) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിമാരുടെയും ഓഫീസിലും ഔദ്യോഗിക വസതിയിലും നിയോജക മണ്ഡലത്തിലുള്ള റീട്ടിലും സ്ഥാപിച്ചിട്ടുള്ള ഫോണുകൾക്കു വേണ്ടി കോൾ ചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനത്തിലും എത്ര തുക വീതം ചെലവായിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ മന്ത്രിമാർക്ക് നൽകിയിട്ടുള്ള മൊബൈൽ ഫോണിനുവേണ്ടി കാൾചാർജ്ജിനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ട് ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിയുടെയും ഓഫീസിലും ഔദ്യോഗിക വസതിയിലും നിയോജക മണ്ഡലത്തിലുള്ള വീട്ടിലും സ്ഥാപിച്ചിട്ടുള്ള ഫോണുകൾക്കു വേണ്ടി കോൾ ചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനത്തിലും ചെലവഴിച്ച തുകയുടെ വേർതിരിച്ച കണക്ക് ലഭ്യമല്ല. പ്രസ്തുത ഫോണുകൾക്ക് വേണ്ടി കോൾ ചാർജ്ജ് ഇനത്തിലും ഫോൺ വാടകയും ഉൾപ്പെടെ ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ കാലയളവിൽ മന്ത്രിമാർക്ക് നൽകിയിട്ടുള്ള മൊബൈൽ ഫോണിനുവേണ്ടി ചെലവാക്കിയ തുകയുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ ടെലിഫോൺ ചെലവ്

5 (8) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ ഓഫീസിലെയും വീടുകളിലെയും ടെലിഫോണുകളുടെ കാൾചാർജ്ജ് ഇനത്തിലും ഫോൺ വാടകയിനത്തിലും എത്ര ചെലവ് വന്നിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് പ്രത്യേകമായി ഓഫീസ് ഫോൺ ഇല്ല. ഈ മന്ത്രിസഭ അധികാരത്തിൽ വന്ന ശേഷം ഓരോ മന്ത്രിയുടെയും പേഴ്സണൽ സ്റ്റാഫിലുള്ളവരുടെ വീടുകളിലെ ടെലിഫോണുകളുടെ കാൾ ചാർജ്ജ്, ഫോൺ വാടക എന്നിവയുടെ വേർതിരിച്ച കണക്ക് സംബന്ധിച്ച വിവരം ലഭ്യമല്ല. പ്രസ്തുത ടെലിഫോണുകളുടെ കാൾചാർജ്ജ്, ഫോൺ വാടക എന്നിവ ഉൾപ്പെടെ ചെലവായ തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പ്രതിപക്ഷ നേതാവിന്റെ ടെലിഫോൺ ചാർജ്ജ് ഇനത്തിലുള്ള ചെലവ്

6 (11) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിപക്ഷ നേതാവിന് ടെലിഫോൺ ചാർജ്ജ് ഇനത്തിൽ എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓഫീസിലേയും വസതിയിലേയും ചാർജ്ജുകൾ വേർതിരിച്ച് കാണിക്കുമോ ;

(സി) ലാൻഡ് ഫോണിന്റെയും മൊബൈൽ ഫോണിന്റെയും ചാർജ്ജുകൾ പ്രത്യേകം വിശദമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly